കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇടവ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

**e-mail : lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7 /187 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി : 12.04.19
ഫോൺ. 04712331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ഇടവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടവ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.7 /187 /2019

തീയതി: 12.04.2019

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.06.2017 മുതൽ 21.01.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻ ലാൽ.എസ്.ജെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.01.2019 മുതൽ 31.01.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീമതി വാലന്റീന.എം., ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീമതി ലേഖ.എം.എൽ , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 4. ശ്രീ. സുജേഷ്.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5. ശ്രീ.വിനോദ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുനിത.എസ്.ബാബു | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. അനിൽ കുമാർ.ആർ.എസ്. | 01.04.2017 മുതൽ 14.11.2017വരെ |

| | | |
|---|---|---|
| | ശ്രീ. ഷാജി.എൻ. | 15.11.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.അനിൽകുമാർ.ആർ.എസ്. | 01.04.2017 മുതൽ 14.11.2017വരെ |
| | ശ്രീ. ഷാജി.എൻ. | 15.11.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജയറാം | 01.04.2017 മുതൽ 25.05.2017 വരെ |
| | ശ്രീ. മണിവർണ്ണൻ (ചാർജ്) | 26.05.2017 മുതൽ 04.07.2017 വരെ |
| | ശ്രീമതി സ്മിത.എസ്. | 05.07.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -എ) | ശ്രീ. രതീഷ് ഭദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ -ബി) | ശ്രീ. ദിനു | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി പത്മജാദേവി.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.റീത്ത | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. ലാലി.ഐ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ.ബിന്ദു.കെ.ആർ | 01.04.2017 മുതൽ 23.04.2017 വരെ |
| | ഡോ. ബിനു.പി.എസ്. | 24.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയശ്രീ.ഐ. | 01.04.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീ. കൃഷ്ണകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഫസീലാ ബീവി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ശ്രീമതി ബിനിരാജ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി ജെസി.എസ്. | 01.04.2017 മുതൽ 07.07.2017 വരെ |
| | ശ്രീ. അരുൺ കുമാർ.ജെ.വി. (ഹെഡ് ക്ലർക്ക് - ചാർജ്) | 08.07.2017 മുതൽ 02.08.2017 വരെ |
| | ശ്രീ. ഗോപകുമാർ.കെ | 03.082017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല | 2-1 |
| 14 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 15 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നില്ല | 2-3 |
| 16 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിൽ ജാഗ്രത പുലർത്തിയില്ല | 3-1 |
| 18 | സെർവർ റൂമിലെ എയർ കണ്ടീഷണർ | 3-2 |

| | | |
|---|---|---|
| | വാങ്ങിയത് - കൂടിയ തുകയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ച് നൽകി | |
| 19 | വെൺകുളം സ്റ്റാൾ ഇലക്ട്രിഫിക്കേഷൻ പ്രോജക്ട് ലക്ഷ്യത്തിലെത്തിയില്ല | 3-3 |
| 20 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-4 |
| 21 | എഗ്രിമെന്റ് വച്ച കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല– നിയമനടപടികൾ ത്വരിതപ്പെടുത്തണം | 3-5 |
| 22 | ക്വട്ടേഷൻ മുഖേനയുള്ള പ്രവൃത്തികൾക്ക് ഇ.എം.ഡി വാങ്ങിയില്ല | 3-6 |
| 23 | തുക മുൻകൂറായി പിൻവലിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം | 3-7 |
| 24 | കാർഷിക മേഖലയിലെ പ്രശ്ന പരിഹാരത്തിന് അനുയോജ്യമായ പരിപാടികൾ ആവിഷ്കരിക്കുന്നില്ല | 3-8 |
| 25 | ഇഞ്ചി മഞ്ഞൾ കൃഷി - പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിയെ സംബന്ധിച്ച് വ്യക്തതയില്ല | 3-9 |
| 26 | മത്സ്യ ബന്ധനം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല | 3-10 |
| 27 | ഗ്രാമസഭയിൽ തെരഞ്ഞെടുക്കാത്തവർക്ക് ആനുകൂല്യം | 3-11 |
| 28 | വാർഷിക പരിധി അധികരിച്ച് പാലിന് സബ്സിഡി നൽകി | 3-12 |
| 29 | എ.ബി.സി പ്രോഗ്രാം - രേഖകളില്ല | 3-13 |
| 30 | വാട്ടർ ടാങ്ക് വാങ്ങി നൽകൽ- ചെലവ് രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല- 9125 രൂപയുടെ വ്യത്യാസം | 3-14 |
| 31 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ തമ്മിൽ സംയോജിപ്പിക്കുന്നില്ല | 3-15 |
| 32 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 3-16 |
| 33 | കിണർ റീചാർജ്ജ്- സബ്സിഡി തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി നടത്തിയിട്ടില്ല | 3-17 |
| 34 | ഭൂമി വാങ്ങിയ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടിയുണ്ടാകണം | 3-18 |
| 35 | പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ - കൈമാറിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല | 3-19 |
| 36 | പത്താം തരം തുല്യത - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 3-20 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-7 |

| | | |
|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം. | |
| 44 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 21-03-2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 152994320 രൂപയും പ്രതീക്ഷിത ചെലവ് 150939600 രൂപയും നീക്കിയിരിപ്പ് 2054720 രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 64105404രൂപയും ചെലവ് 57365850 രൂപയും നീക്കിയിരിപ്പ് 6739554 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 02.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 28.06.18 മുതൽ 29.06.18 വരെ | കെ.എസ്.എ.റ്റി.വി.എം / ജി.പി.7/1487/2018 തീയതി 19.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | | 5630838 |
| വരവ് | | 58474566 |
| ആകെ | | 64105404 |
| ചെലവ് | | 57365850 |
| നീക്കിയിരിപ്പ് | | 6739554 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 12716756 | 12716756 | 12716756 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4690934 | 4690934 | 4690934 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3490138 | 3490138 | 3490138 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 0 | 2999942 | 2999942 | 2999942 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6572339 | 6572339 | 6572339 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 699795 | 699795 | 699795 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 2820 | 1016609 | 1019429 | 1004849 | 14580 |
| ബി ഫണ്ട് | 0 | 599400 | 599400 | 599400 | 0 |
| IOB TSP | 247622 | 9733 | 257355 | 0 | 257355 |
| SBT Bio diversity | 0 | 82377 | 82377 | 0 | 82377 |
| തനത് ഫണ്ട് | 3665505 | 13917482 | 17582987 | 11775142 | 5807845 |
| ജനറൽ പർപ്പസ് ഫണ്ട് (റ്റി.എസ്.ബി) | 1697910 | 10536010 | 12233920 | 11455907 | 778013 |
| TSB Joint venture | 0 | 1033670 | 1033670 | 1343667 | (-)309997 |
| IOB | 0 | 9009 | 9009 | 0 | 9009 |
| ക്യാഷ് | 16981 | 100372 | 117353 | 16981 | 100372 |

## 1-6 പദ്ധതി അവലോകനം

2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഫണ്ടുകൾ വകയിരുത്തി 13നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർവ്വഹണ ചുമതലയിൽ 143 പ്രോജക്കുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| i | കൃഷി ഓഫീസർ | 6 | 1975300 | 2 | 1468550 | 4 | 0 | 33 |
| ii | വെറ്റിനറി സർജൻ | 7 | 3609950 | 5 | 2944950 | 2 | 0 | 71 |
| iii | മെഡിക്കൽ ഓഫീസർ - PHC | 2 | 1350000 | 1 | 1344000 | 1 | 0 | 50 |
| iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 350000 | 1 | 350000 | 0 | 0 | 100 |
| v | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 350000 | 1 | 350000 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| vi | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 365000 | 0 | 316283 | 3 | 0 | 0 |
| vii | VEO | 12 | 7656000 | 6 | 5023000 | 5 | 1 | 50 |
| viii | ICDSസൂപ്പർവൈസർ | 5 | 2540148 | 3 | 2345663 | 2 | 0 | 60 |
| ix | സെക്രട്ടറി | 26 | 8664177 | 11 | 7458338 | 10 | 5 | 42 |
| x | HM ഗവ. UPS | 7 | 2596823 | 4 | 2491122 | 3 | 0 | 57 |
| xi | അസിസ്റ്റന്റ് എഞ്ചിനീയർ | 64 | 16907222 | 4 | 7916417 | 34 | 26 | 6 |
| xii | ഡയറിഫാം ഇൻസ്പെക്ടർ | 1 | 226620 | 1 | 226620 | 0 | 0 | 100 |
| xiii | അസിസ്റ്റന്റ് സെക്രട്ടറി | 8 | 3580125 | 0 | 1770915 | 7 | 1 | 0 |
| | ആകെ | 143 | 50171365 | 39 | 34005858 | 71 | 33 | 27 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2819.77 | 1016609 | 1019428.77 | 1004848.40 | 14580.37 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13839203 | 13839203 | 13839203 | 0 |
| ആകെ | 2819.77 | 14855812 | 14858631.77 | 14844051.40 | 14580.37 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 89400 | 150 |
| കർഷകതൊഴിലാളി പെൻഷൻ | 441200 | 35 |
| വിധവാപെൻഷൻ | 16425800 | 1473 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 30359500 | 2669 |
| വികലാംഗപെൻഷൻ | 3789300 | 2669 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 510000 | 17 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 161000 | 16 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2019, 10.30 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 663/- രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത എന്നിവ സേവന പ്രദാനത്തിൽ ഉറപ്പുവരുത്താൻ സഹായകമാണ്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ, തീ.02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | സ്വീകരിക്കുന്ന തപാലുകളുടെ വിവരങ്ങൾ ഉത്തരവിലെ അനുബന്ധം 1 പ്രകാരമുള്ള ഫ്രണ്ട് ഓഫീസ് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിൽ ചേർക്കണം. | ഉണ്ട് |
| 2 | തപാൽ നമ്പർ ഓരോ കലണ്ടർ വർഷത്തിലും പുതുതായി ആരംഭിച്ച് വർഷാവസാനം വരെ തുടർച്ചയായിട്ട് ക്രമീകരിക്കണം | അതെ |
| 3 | തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം | ഉണ്ട് |
| 4 | സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (7ാം കോളത്തിൽ) ചേർക്കണം. പ്രത്യേക | ഉണ്ട് |

| | | |
|---|---|---|
| | രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കണം | |
| 5 | എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകണം | നൽകാറുണ്ട് |
| 6 | കൈപ്പറ്റ് രസീത് ഡ്യൂപ്ലിക്കേറ്റിൽ തയ്യാറാക്കി ഒറിജിനൽ അപേക്ഷകന് നൽകുകയും പകർപ്പ് തപാലിനോടൊപ്പം ചേർക്കുകയും ചെയ്യണം | ഉണ്ട് |
| 7 | ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതും സേവനം നൽകേണ്ടതുമായ അപേക്ഷകളുടേയും കാര്യത്തിൽ യഥാസമയം സേവനം ഉറപ്പുവരുത്താനായി അനുബന്ധം 3 മാതൃകയിലുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കണം | ഉണ്ട് |
| 8 | തപാൽ കൈമാറ്റങ്ങൾക്ക് രജിസ്ട്രേഷൻ-വിതരണ രജിസ്റ്ററിലെ 9ാം കോളത്തിൽ അക്നോളജ്മെന്റ് വാങ്ങണം | ഉണ്ട് |
| 9 | അതാത് ദിവസം ലഭിച്ച തപാലുകൾ യഥാസമയം വിതരണം ചെയ്ത ശേഷം "എല്ലാ തപാലുകളും രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട്" എന്ന് അന്നന്ന് ചുമതല കൈമാറ്റത്തിന് മിൻപ് ഫ്രണ്ട് ഓഫീസ് സൂപ്പർവൈസർ രജിസ്ട്രേഷൻ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തണം | ഉണ്ട് |
| 10 | സേവനം സ്വീകരിക്കുന്നതിനായി ഹാജരാകുമ്പോൾ ഒപ്പ് വാങ്ങി സേവനം നൽകേണ്ടതും കൈപ്പറ്റ് രസീത് റദ്ദാക്കുകയും ചെയ്യണം | ഉണ്ട് |
| 11 | ഇപ്രകാരം ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം | ഇല്ല |
| 12 | അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം | ഇല്ല |
| 13 | സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം | ഇല്ല |
| 14 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഇല്ല |
| 15 | സേവനവിവര ബോർഡുകൾ (അനുബന്ധം 7), ഹാജർ ബോർഡ് (അനുബന്ധം 8), ഗ്രാമസഭാ ബോർഡ് (അനുബന്ധം 9), യോഗങ്ങൾ സംബന്ധിച്ച ബോർഡ് (അനുബന്ധം 10), സർവ്വീസ് സ്റ്റാറ്റസ് ബോർഡ് (അനുബന്ധം 11) എന്നിവ | ഉണ്ട് |

| | | |
|---|---|---|
| | തയ്യാറാക്കണം | |
| 16 | ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണം | ഇല്ല |
| 17 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. | ഇല്ല |
| 18 | പൗരാവകാശരേഖ കാലാനുസൃതമായി പരിഷ്കരിക്കുവാനാവശ്യമായ നിർദ്ദേശങ്ങൾ മോണിറ്ററിംഗ് സമിതി രൂപപ്പെടുത്തണം | ഇല്ല |
| 19 | മോണിറ്ററിംഗ് സമിതി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേരുകയും ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ ശുപാർശകൾ പഞ്ചായത്ത് സമിതിക്ക് നൽകുകയും വേണം | ഇല്ല |
| 20 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഉണ്ട് |
| 21 | റെക്കോർഡ് റൂം കൃത്യമായി പരിപാലിക്കണം | ഇല്ല |

2) ബജറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഫെബ്രുവരി 28 ന് മുൻപ് | 09-02-2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ഡിംസബർ 15, ന് മുൻപ് | 25.02.2017 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 15 ന് മുൻപ് | വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 27.02.2017 നും ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 06.03.2017 നും യോഗം ചേർന്നു. |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ജനവരി 25 ന് മുൻപ് | 16.03.2017 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 1 ന് മുൻപ് | 29.05.2017 ലെ 1(3) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 16.03.2017 ൽ നടന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കരട് ബജറ്റ് ചർച്ച ചെയ്ത് അംഗീകരിച്ചു |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | യോഗം ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31 ന് മുൻപ് | 21-03-2017 ന് പഞ്ചായത്ത് കമ്മിറ്റി കരട് ബജറ്റ് ചർച്ച ചെയ്ത് അംഗീകരിച്ചു |

3) <u>വിവരാവകാശ രജിസ്റ്റർ- പരിപാലനം തൃപ്തികരമല്ല.</u>

2017-18വർഷത്തെ വിവരാവകാശ രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അനക്ഷർ II A മാതൃകയിൽ വിവരാവകാശ രജിസ്റ്റർ പരിപാലിച്ചിട്ടില്ല

ബി) അപേക്ഷകൾ ക്രമ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

സി) രജിസ്റ്റർ സെക്രട്ടറി മേൽ പരിശോധന നടത്തിയിട്ടില്ല

ഡി) തൻവർഷം ആകെ ലഭിച്ച 45 അപേക്ഷകളിൽ 20 എണ്ണം പരിശോധനാ വിധേയമാക്കി. അവയിൽ ചുവടെപ്പറയുന്ന അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് രേഖപ്പെടുത്തലില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | A3-2366/17 തീയതി 22-05-2017 | ശ്രീമതി.ബേബി സീമ |
| 2 | A3-2590/17 തീയതി 24-05-2017 | ശ്രീമതി.ഷാജിതാ ബീഗം |
| 3 | A3-2708/17 തീയതി 31-05-2017 | ശ്രീ.വി.രവീന്ദ്രൻ |

| | | |
|---|---|---|
| 4 | NREGA/2800 തീയതി 07-06-2017 | ശ്രീ.ബി.ബൈജു |
| 5 | A3-2739/17 തീയതി 01-06-2017 | ശ്രീ.സൂരജ് സാജൻ |
| 6 | B3-2990/17 തീയതി 20-06-2017 | ശ്രീമതി.ഷാലി സന്തോഷ് |
| 7 | B2-3024/17 തീയതി 23-06-2017 | ശ്രീമതി.മഹിഷ്ണ |
| 8 | A3-3127/17 തീയതി 01-07-2017 | ശ്രീ.ഭാസി മുരുക്കുംപുഴ |
| 9 | A2-3224/17 തീയതി 10-07-2017 | ശ്രീ.പി.എസ്.ജ്യോതീന്ദ്രൻ |
| 10 | B1-3269/17 തീയതി 17-07-2017 | ശ്രീ.നജീബ് |
| 11 | A3-3317/17 തീയതി 18-07-2017 | ശ്രീമതി.ബേബി സീന |
| 12 | A3-3748/17 തീയതി 11-08-2017 | ശ്രീ.ബി.ബൈജു |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/25-01-2019) വരും വർഷങ്ങളിൽ വിവരാവകാശ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി. സദ്ഭരണം വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

4) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് -നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൻമേൽ (സ.ഉ(എം.എസ്.)80/2017/ത.സ്വ.ഭ.വ,തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളിൽ അപാകങ്ങളുണ്ട്.

അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന കാര്യത്തിൽ അവ്യക്തതയുണ്ട്. വ്യക്തിഗതാനുകൂല്യങ്ങൾക്കുള്ള ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകളിലൊന്നും തന്നെ പരിശോധന സംബന്ധമായ യാതൊരു രേഖപ്പെടുത്തലുമില്ല. ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ മറ്റ് നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല (ഓഡിറ്റ് എൻക്വയറി നമ്പർ 12/23.01.2019ന് മറുപടി ലഭ്യമാക്കിയില്ല). വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി പൂർത്തീകരണത്തിനാവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാതെ വരികയും ഗ്രാമസഭയുടെ അംഗീകാരമില്ലാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.11.2018 | 11/2018 | 15.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2019 | 2013-14 മുതൽ 2017-18 വരെ | റിപ്പോർട്ട് ലഭിച്ചില്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ബാലൻസ്ഷീറ്റ് B4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന ചുവടെ ചേർത്തിട്ടുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| കോഡ് നമ്പർ | വിവരണം | തുക |
|---|---|---|
| 320100126 | Centrally sponsord schemes-programmes for yuvacreda and khel abhiyan | 440000/- |
| 320200322 | Grants from suchithwa mission | 1220988/- |
| 320300103 | Grants for specific purposes -other government agencies-total sanitation | 151233/- |
| 320300199 | Grants funds and contributions for specific purposes-other than government agencies. | 169300/- |

മേൽ സൂചിപ്പിച്ച തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി, തുക നല്കിയ ഏജൻസി, ഉദ്ദേശ്യം, തുക ചെലവഴിക്കാതെ അവശേഷിക്കാനുണ്ടായ സാഹചര്യം എന്നിവ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/23-01-2019) നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

320100126- തുക 4,40,000 - 2014-15 വർഷം അനുവദിച്ച് കിട്ടിയ പ്രസ്തുത തുക ഇടവ സ്റ്റേഡിയം നവീകരണത്തിനായാണ് ചെലവഴിക്കാൻ തീരുമാനിച്ചിരുന്നത്. എന്നാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനാൽ ഈ തുകയിൽ നിന്നും 2018-19 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 110/19 വെൺകുളം ഗവ.എൽ.പി.സ്കൂളിൽ ഖോ-ഖോ ഗ്രൗണ്ട് നിർമ്മാണവും കബഡി ഗ്രൗണ്ട് നിർമ്മാണവും 255600 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 111290 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് നമ്പർ 151/18 (2018-19) (വെൺകുളം സ്കൂളിലെ ഖോ-ഖോ ഗ്രൗണ്ട് പൂർത്തീകരണം) പ്രോജക്ടിനായി 133244 രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഹെഡിൽ 2018-19 പദ്ധതികൾക്കു വേണ്ടി വകയിരുത്തിയ തുക കൂടാതെ 51156/-രൂപ അവശേഷിക്കുന്നു.

320200322 എന്ന ശീർഷകത്തിൽ ബാലൻസ് നിൽക്കുന്ന 1220988 രൂപയിൽ നിലവിൽ 26841 രൂപ ഒഴികെ ബാക്കി തുക ചെലവ് ചെയ്തിട്ടുണ്ടായിരുന്നു. ചെലവിന് ആനുപാതികമായി ലയബിലിറ്റിയിൽ നിന്നും റവന്യൂ വരവ് ശീർഷകത്തിലേക്ക് വരവ് രേഖപ്പെടുത്തിയിട്ടില്ല.

320300103 പ്രസ്തുത ശീർഷകത്തിൽ ബാക്കി നിൽക്കുന്ന 141500 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ശുചിത്വ മിഷനിൽ നിന്നും 03-02-2018 ൽ തിരികെ ലഭിച്ചത് അതേ ദിവസം തന്നെ തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യേണ്ട തുകയാണ്. 9733 രൂപ പലിശയിനത്തിൽ ലഭ്യമായതാണ്.

320300199 പ്രസ്തുത ശീർഷകത്തിൽ ബാക്കി നിൽക്കുന്ന തുകയിൽ 12500 രൂപ 31-03- 2018 ൽ വിമുക്തി ഇനത്തിൽ ലഭിച്ചത് 2018-19 സാമ്പത്തിക വർഷം ചെലവഴിക്കുന്നതാണ്. 80000 രൂപ 12-05-2017 ൽ ബയോ ഡൈവേഴ്സിറ്റിയ്ക്കായി ലഭിച്ചതിൽ 2017-18 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടില്ലാത്തതും എന്നാൽ 2018-19 വർഷം

40000 രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 01-04-2015 ൽ ജില്ലാ കളക്ടറിൽ നിന്നും ലഭിച്ച ബി.പി.എൽ റേഷൻ കാർഡ് ഹോൾഡർമാർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ 58350 രൂപ ചെലവഴിച്ചിട്ടുള്ളതും ബാക്കി 76800 രൂപ 30-12-2017 ന് ബഹു.ജില്ലാ കളക്ടർക്ക് തിരിച്ചടച്ചിട്ടുള്ളതുമാണ്. എന്നാൽ തെറ്റായ ശീർഷകത്തിൽ തുക ചെലവഴിച്ചതിനാൽ ടി തുക ഗ്രാന്റിൽ കുറവ് വന്നിട്ടില്ല. ടി ശീർഷകത്തിൽ വിമുക്തി തുക 12500 രൂപയും ബയോ ഡൈവേഴ്സിറ്റി തുക 40000 രൂപയും മാത്രമാണ് നിലവിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നത്.

വാർഷിക ധനകാര്യ പത്രികയിൽ തെറ്റായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുള്ള മേൽ തുകകൾ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ കറക്ഷൻ എൻട്രി വരുത്തി അതാത് ശീർഷകത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഉചിതമായ നടപടി കൈക്കൊള്ളേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായും പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും സമർപ്പിക്കേണ്ടതാകുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ചട്ടം പാലിക്കുന്നില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ കാണുന്നു. കൂടാതെ ചട്ടം 26 പ്രകാരം ചട്ടലംഘനമുണ്ടായാൽ പഞ്ചായത്ത് രാജ് ആക്ട് 255-ാം വകുപ്പ് പ്രകാരം ആയിരം രൂപയോളം പിഴയോ ലംഘനം തുടരുകയാണെങ്കിൽ കുറ്റസ്ഥാപനം ചെയ്തതിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കുറയാത്ത പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണെന്ന് സർക്കാരിന് വ്യവസ്ഥ ചെയ്യാവുന്നതാണ്. മേൽ ചട്ടപ്രകാരം 2017-18 കാലയളവിൽ പ്രവർത്തിക്കുന്നതിന് ഫെബ്രുവരിയിൽ അപേക്ഷ നൽകി ലൈസൻസ് പുതുക്കണമെന്നിരിക്കെ 2017 ഏപ്രിൽ മാസം മുതൽ 2018 മാർച്ച് മാസം വരെ അപേക്ഷകൾ നൽകുന്നതും ലൈസൻസ് പുതുക്കുന്നതും തുടർന്നുകൊണ്ടിരിക്കുന്നു. ഇപ്രകാരം, ലൈസൻസ് രജിസ്റ്റർ പ്രകാരം, 2017-18 ൽ 158 സ്ഥാപനങ്ങളാണ് വൈകി ലൈസൻസ് പുതുക്കിയത്. ഇതിനു പുറമേ വൈകി ലൈസൻസ് പുതുക്കുന്നവരിൽ നിന്നും 255-ാം വകുപ്പ് പ്രകാരമുള്ള പിഴ ചുമത്തുന്നുമില്ല. കൂടാതെ 2016-17 ൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ 2017-18 ൽ ഏതൊക്കെ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന് കൃത്യമായി കണ്ടെത്തുവാനും കഴിയുകയില്ല. ഇത് ചട്ടലംഘനമായതിനാൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ വരവും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും ഉറപ്പാക്കേണ്ടതും ചട്ടലംഘനം ഭരണസമിതിയുടെ മുമ്പാകെ നടപടിക്ക് ശുപാർശ ചെയ്യേണ്ടതുമാണ്.

### 2-2 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ D&O ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര്/ കെട്ടിട നം./ ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര്/ തരം | D&O ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സുനിത ബാബു (X/376A) 02/17-18 | കൊച്ചിൻ ഫർണിച്ചർ | 2 |
| 2 | യു. ചന്ദ്രബാബു (X/394, | കൊച്ചിൻ | 1 |

| | | | |
|---|---|---|---|
| | 395)<br>03/17-18 | ഫർണിച്ചർ | |
| 3 | ചന്ദ്രിക കുമാരി (I/394)<br>09/17-18 | എം.ആർ.എസ്. സാ മിൽ | 4 |
| 4 | അലക്സ് തോമസ് (XV/398,401)<br>15/17-18 | ബ് കാൻഡി ഹോട്ടൽ & റിസോർട്സ് | 8 |
| 5 | മണിലാൽ.ടി.എസ് (VIII/211)<br>16/17-18 | കാഷ്യൂനട്ട് ഗ്രേഡിംഗ് & റീ വർക്സ് | രേഖപ്പെടുത്തിയിട്ടില്ല. |
| 6 | അലക്സ് തോമസ് (XV/399,400,402)<br>29/17-18 | ബ് കാൻഡി ഹോട്ടൽ & റിസോർട്സ് | 12 |
| 7 | സുരേന്ദ്രൻ പിള്ള (IX/386,387)<br>32/17-18 | ഹോളോബ്രിക്സ് യൂണിറ്റ് | 3 |
| 8 | ഇസ്സത്ത് താജ് (XVI/304 A)<br>49/17-18 | പെട്രോൾ പമ്പ് (ഹാസ് ഫ്യൂവൽസ്) | 6 |
| 9 | ബ്രൂണോ ലിവവാസർ (III/366A)<br>49/17-18 | എ.ബി.എൽ റിസോർട്സ് പ്രൈ.ലി. | 3 |
| 10 | ബ്രൂണോ ലിവവാസർ (III/361,362,363,364.365)<br>50/17-18 | എ.ബി.എൽ റിസോർട്സ് പ്രൈ.ലി. | 6 |
| 11 | രശ്മി.ആർ.എം. (III/440A)<br>91/17-18 | ആർ.എ.കെ ഹോളോബ്രിക്സ് | 3 |
| 12 | റാണി.എസ് (XI/320,321)<br>103/17-18 | ഓടയം എന്റർപ്രൈസസ് (പേപ്പർ ബാഗ് നിർമ്മാണം) | 4 |

| | | | |
|---|---|---|---|
| 13 | അമീർഷാ സലിം | സീമാരി റിസോർട്സ് | 2 |
| 14 | സ്മിത ദേവി ചന്ദ്രൻ | കടൽത്തീരം ആയുർവേദ സെന്റർ | 3 |
| 15 | സുരേന്ദ്രൻ നായർ | ശ്രീരാഗം ഇന്റസ്ട്രീസ് (ഇന്റർലോക്ക് & ഹോളോബ്രിക്സ്) | 3 |

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4എ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തുള്ള ആഫീസിന്റെ ചാർജ്ജ് വഹിക്കുന്ന ആളോ, ഏജന്റോ, കമ്പനിയോ ആളോ നികുതിയൊടുക്കുവാൻ ബാധ്യസ്ഥൻ/ബാധ്യസ്ഥ ആണ്. കൂടാതെ ചട്ടം 16 പ്രകാരം സെക്രട്ടറി, തൊഴിലുടമയോട് ജീവനക്കാരുടെ വരുമാനത്തെയോ ശമ്പളത്തെ സംബന്ധിച്ച വിവരങ്ങൾ II-ാം നമ്പർ ഫാറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതും ചട്ടം 18 പ്രകാരം നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്. രേഖകൾ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.35) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ വരവിൽ വർദ്ധനവിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. പഞ്ചായത്ത് പരിധിയിൽ 13 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം 24/25.01.2019 നുള്ള മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-4 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1 | അപ്പുക്കുട്ടൻ | റോഡരികത്ത് വീട്, കമുകിൻകോട് |
| 2 | ഗോവിന്ദരാജ് സെൻ | ശ്രീലങ്കാപുരി, ചെറുന്നിയൂർ |
| 3 | സനൽ കുമാർ | രോഹിണി, ഞെക്കാട് |

| | | |
|---|---|---|
| 4 | സുൽഫിക്കർ | തോണിച്ചാൽ, മാടൻവിള |
| 5 | നഹാസ് | ബിസ്മില്ല, കുളമുട്ടം |
| 6 | ദിലീപ് | പടിഞ്ഞാറ്റതിൽ, അയന്തി |
| 7 | ബാബു | പേരാംതൊടി, കോട്ടുവൻകോണം |
| 8 | പ്രദീപ് കുമാർ | ബംഗ്ലാവിൽ വീട്, മുട്ടപ്പലം |
| 9 | സുന്ദരേശൻ | വാഴവിളവീട്, ഓയൂർ |
| 10 | അശോകൻ | തീർത്ഥം, പുത്തൻചന്ത |
| 11 | ഹാഷിം | കിഴക്കേഭാഗം, കുരയ്ക്കണ്ണി |
| 12 | സനിൽ.ആർ | കല്ലുകടവിൽ, വലയന്റെകുഴി |
| 13 | സെൽവരാജ് | കരൺകോട്ട്കോണത്ത് വീട്, വിളവൂർക്കൽ |
| 14 | സുഗുണാനന്ദൻ | പാട്ടത്തിൽ വീട്, പിച്ചാക്കശ്ശേരി |

ഈ വിഷയത്തിന്ന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/25.01.2019ന് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാറിൽനിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ (മറ്റ് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലായെങ്കിൽ) തൊഴിൽനികുതി കണക്കാക്കി ഈടാക്കണ്ടേതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിൽ ജാഗ്രത പുലർത്തിയില്ല

പഞ്ചായത്തിന്റെ പ്രോജക്ട് രൂപീകരണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാന രേഖയായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

i)മൃഗസംരക്ഷണ – ക്ഷീര വികസന മേഖലയിലെ അടിസ്ഥാന വിവരങ്ങളിൽ

1.1.6നിലവിലുള്ള പശുകുട്ടികളുടെ എണ്ണം - 0

1.1.9 എ)( a) നായ്ക്കളുടെ എണ്ണം - 0

(b)ലൈസൻസുള്ളവ – ഇല്ല

ബി)(a)തെരുവ് നായ്ക്കളുടെ എണ്ണം - 0

(b) ABC നടത്തിയവ – 0

ii) ഹോമിയോപ്പതി അവസ്ഥാ വിശകലനം

ചികിത്സയ്ക്കെത്തുന്ന രോഗികളെ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

iii)സാമൂഹ്യ നീതി, വനിതാ വികസനം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ രേഖപ്പെടുത്തുന്നതിന് പകരം നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്ഥിതി വിവരക്കണക്കുകൾ ഇപ്രകാരമായിരിക്കെ, കന്നുകുട്ടി പരിപാലന പദ്ധതിയിൽ 50 കന്നുകുട്ടികൾക്കായി 6,25,000 രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ, ABC പ്രോഗ്രാമിനായി തൻ വർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കി. (SOO11/18 – ചെലവ് തുക 50,000രൂപ, SOO51/18 – ചെലവ് തുക 1,00,000രൂപ).

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുൻപായി സർവ്വെ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിവരങ്ങളുടെ സ്രോതസായി മൃഗാശുപത്രി, ക്ഷീര വികസന ഓഫീസ് മുതലായവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/25.01.2019) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയ നടപടി ക്രമങ്ങളെ സംബന്ധിച്ച് വ്യക്തതയില്ല.

ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി 29.03.2017 നമ്പർ പദ്ധതി മാർഗരേഖ ഖണ്ഡിക 1.6 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. ഇക്കാര്യത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## **3-2** സെർവർ റൂമിലെ എയർ കണ്ടീഷണർ വാങ്ങിയത്- കൂടിയ തുകയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ച് നൽകി

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | - | 134/18 |
| പ്രോജക്ടിന്റെ പേര് | - | ഗ്രാമപഞ്ചായത്ത് ഓഫീസ് സെർവർ റൂം എയർ കണ്ടീഷനിംഗ് |
| അടങ്കൽ | - | 50000 |
| ചെലവ് | - | 49999 |
| ബിൽ നമ്പർ | - | 17010752001501127397/ 09-03-2018 |
| നിർവ്വഹണം | - | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

M/s മോഡേൺ ഫർണിച്ചർ , ആറ്റിങ്ങൽ എന്ന സ്ഥാപനം 49999 രൂപയും M/s ന്യൂ ഇൻഡ്യ ഫർണിച്ചർ എന്ന സ്ഥാപനം 49500 രൂപയും M/s ശ്രീ കൃഷ്ണ ഏജൻസീസ് എന്ന സ്ഥാപനം 49000/- രൂപയുമാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. എന്നാൽ 15-11-2017 ലെ 7 നമ്പർ തീരുമാന പ്രകാരം "ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത" M/s മോഡേൺ ഫർണിച്ചർ ആറ്റിങ്ങൽ എന്ന സ്ഥാപനത്തിനാണ് ക്വട്ടേഷൻ അംഗീകരിച്ച് നൽകിയിരിക്കുന്നത്. ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന രേഖകൾ പ്രകാരം കുറഞ്ഞ തുക ക്വോട്ട് ചെയ്തിരിക്കുന്നത് M/s ശ്രീകൃഷ്ണ ഏജൻസീസ് ആണ്. വ്യക്തമായ കാരണം രേഖപ്പെടുത്താതെയാണ് ഇപ്രകാരം കൂടിയ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/28-01-2019) നൽകിയ മറുപടിയിൽ സാങ്കേതിക തികവുള്ള വോൾട്ടാസ് എന്ന കമ്പനിയുടെ ഗുണമേന്മ കൂടിയ എയർ കണ്ടീഷണർ വാങ്ങുന്നതാണ് ഉചിതമെന്ന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കൂടിയ തുക ക്വോട്ട് ചെയ്ത സപ്ലൈയറിൽ നിന്നും വാങ്ങിയതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 15-11-2017 ൽ കൂടിയ ഭരണസമിതി യോഗം ഇപ്രകാരം ഗുണമേന്മ സംബന്ധിച്ച ചർച്ച നടത്തിയതായി മിനിട്സിൽ രേഖപ്പെടുത്തലില്ല. സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് വാങ്ങൽ നടപടികൾ നടത്തുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## **3-3** വെൺകുളം സ്റ്റാൾ ഇലക്ട്രിഫിക്കേഷൻ പ്രോജക്ട് ലക്ഷ്യത്തിലെത്തിയില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | - | വെൺകുളം മാർക്കറ്റ് സ്റ്റാൾ ഇലക്ട്രിഫിക്കേഷൻ |
| പ്രോജക്ട് നമ്പർ | - | 81/18 |

അടങ്കൽ - 50000

ചെലവ് - 42495

ബിൽ നമ്പർ - 17010752001501281357/24-03-2018

നിർവഹണം - സെക്രട്ടറി

പ്രസ്തുത പ്രോജക്റ്റ് പ്രകാരം വെൺകുളം മാർക്കറ്റിലെ മൂന്ന് കടമുറികളിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി 42495/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 29-01-2019 ൽ നടന്ന സ്ഥലപരിശോധനയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത കടമുറികളിൽ വൈദ്യുതീകരണം നടത്തുന്നതിലേക്കായി കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുന്നതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 34/29-01-2019 ന്റെ മറുപടി). പ്രോജക്റ്റ് നാളിതുവരെ ലക്ഷ്യം കൈവരിക്കാത്തതിനാൽ 42495/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പർ - 0057/18

പ്രോജക്റ്റിന്റെ പേര് - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ

അടങ്കൽ - 1600000

ചെലവ് - 1599955

ബിൽ നമ്പർ - 1701075200150037189/ 19-08-2017

നിർവഹണം – സെക്രട്ടറി

സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി യ്ക്ക് കൈമാറിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/31-01-2019) മെറ്റീരിയൽ ലഭിക്കാത്തതിനാൽ 10 കിലോമീറ്റർ സ്ട്രീറ്റ് മെയിനുള്ള തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ എന്നും എത്രയും വേഗം പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും കെ.എസ്.ഇ.ബി അസി.എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായി സെക്രട്ടറി മറുപടി ലഭ്യമാക്കി. തെരുവ് വിളക്ക് മീറ്ററിംഗിനായി 2012-13 വർഷം 360400 രൂപ പ്ലാൻ ഫണ്ടിൽ (പൊതുവിഭാഗം) നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും മീറ്ററിംഗ് സംവിധാനം പൂർണ്ണമായും ഏർപ്പെടുത്തിയിട്ടില്ലെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക 1599955/-രൂപ തടസ്സപ്പെടുത്തുന്നു. സ്ട്രീറ്റ് മെയിൻ സ്ഥാപിച്ച് തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 എഗ്രിമെന്റ് വച്ച കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല– നിയമനടപടികൾ ത്വരിതപ്പെടുത്തണം

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവഹണത്തിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ടെണ്ടർ, റീ-ടെണ്ടർ നടപടികൾ കഴിഞ്ഞ് ക്വട്ടേഷൻ മുഖേന ശ്രീ. കെ. ബാബു, പേരാംതൊടി, പരവൂർ എന്ന കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തികളൊന്നും തന്നെ നടപ്പാക്കിയില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് പേര്, നമ്പർ | വകയിരുത്തൽ | എഗ്രിമെന്റ് തീയതി |
|---|---|---|---|
| 1 | മാമൂട്ടിൽ കിളിമുക്കം റോഡ് റീടാറിംഗ് (SOO21/18) | 248121 മെയിന്റനൻസ് ഫണ്ട് | 30-12-2017 |

| | | | |
|---|---|---|---|
| 2 | എം റ്റി വി ഹൗസ് കാവുങ്കൽ റോഡ് റീടാറിംഗ് (SOO23/18) | 369201 മെയിന്റനൻസ് ഫണ്ട് | 30-12-2017 |
| 3 | കടയിൽവീട് ഇടപറമ്പ് മുല്ല വിളാകം റോഡ് റീടാറിംഗ് (SOO25/18) | 223941 മെയിന്റനൻസ് ഫണ്ട് | 07-02-2017 |
| 4 | കുരുവിള മേടയിൽ റോഡ് റീടാറിംഗ് സൈഡ് കോൺക്രീറ്റിംഗ്( SOO34/18) | 365000 മെയിന്റനൻസ് ഫണ്ട് | 27-04-2017 |
| 5 | മേളയിൽ റോഡ് റീടാറിംഗ് (SOO35/18) | 50000 മെയിന്റനൻസ് ഫണ്ട് | 27-04-2017 |
| 6 | വാറുവിളാകം ക്ഷേത്രം റോഡ് നവീകരണം (SOO36/18) | 150000 മെയിന്റനൻസ് ഫണ്ട് | 20-04-2017 |
| 7 | തെരുവുമുക്ക് വയലരികം റോഡ് മെയിന്റൻസ് ( SOO38/18 ) | 250000 മെയിന്റനൻസ് ഫണ്ട് | 27-06-2017 |
| 8 | പഞ്ചായത്ത് ബിൽഡിംഗും ഹോമിയോ ആശുപത്രി മെയിന്റനൻസും ( SOO40/18) | 377195 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 30-03-2017 |
| 9 | വെൺകുളം ജി എൽ പി എസ് ൽ ഖോ ഖോ ഗ്രൗണ്ടും കബഡി ഗ്രൗണ്ടും നിർമാണം (SOO 150/18) | 255600 കേന്ദ്ര വിഹിതം | 20-04-2017 |

സർക്കാർ മാർഗനിർദേശ പ്രകാരം സ്പിൽ ഓവറാകുന്ന പ്രോജക്ടുകൾ അതേ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണെന്നിരിക്കെ പ്രസ്തുത പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിരുന്നില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/28-1-2019) ക്രമ നമ്പർ 2, 8 എന്നിവയിലെ പ്രവൃത്തികൾ മാർച്ച് അവസാനം പൂർത്തീകരിച്ചെങ്കിലും ബില്ല് മാറാൻ കഴിഞ്ഞിരുന്നില്ലായെന്നും സാധനങ്ങൾ ഇറക്കിയിട്ടുള്ള ക്രമ നമ്പർ 4, 9 എന്നിവയിലെ പ്രവൃത്തികൾ ഒഴികെ മറ്റ് പ്രവൃത്തികൾ അതേ നിരക്കിൽ മറ്റ് കരാറുകാരെക്കൊണ്ട് അടുത്ത വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തുടർന്നുള്ള ടെണ്ടറിൽ നിന്നും ശ്രീ ബാബുവിനെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

പ്രസ്തുത കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വരുംവർഷങ്ങളിലെ ടെണ്ടറിൽ മേൽ കരാറുകാരനെ പങ്കെടുപ്പിക്കുന്നില്ല എന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-6 ക്വട്ടേഷൻ മുഖേനയുള്ള പ്രവൃത്തികൾക്ക് ഇ.എം.ഡി വാങ്ങിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ടെണ്ടർ സ്വീകരിച്ചതായി അറിയിച്ചുകൊണ്ടുള്ള രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻനോട്ടീസ് ) ലഭിച്ച ശ്രീ കെ.ബാബു എന്ന കരാറുകാരൻ കരാറിൽ നിന്നും പിൻമാറിയതിനാൽ അടുത്ത കരാറുകാരനായ ശ്രീ അശോകന് ആദ്യകരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്.

i)അൻസാർ ഹോസ്പിറ്റൽ കുന്നംപുറം നമ്പിച്ചൻ വിള റോഡ് റീ കോൺക്രീറ്റിംഗ് ( SO125/18)

ii) മേടയിൽ കുരുവിക്കടവ് റോഡിന്റെ പാർശ്വഭിത്തി നിർമാണം ( SO92/18)

iii)വെൺകുളം പി എച്ച് സി സബ് സെന്റർ പമ്പ് ഹൗസ് റോഡ് റീടാറിംഗ് , സൈഡ്

കോൺക്രീറ്റിംഗ് ( SO138/18)

iv) കാഞ്ഞിരം നിന്നതിൽ റെയിൽവേ ലൈൻ നടപ്പാത കോൺക്രീറ്റിംഗ് ( SO65/18)

v)പാറയിൽ റോഡ് ഓട നിർമാണം ( SO123/18)

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2009.6 അനുസരിച്ച് സെലക്ഷൻനോട്ടീസ് ലഭിച്ച് 14 ദിവസത്തിനകവും അതുകഴിഞ്ഞ് പിഴയോടുകൂടി 10 ദിവസത്തിനകവും കരാർ വയ്ക്കേണ്ടതാണെന്നും അത് കഴിഞ്ഞും കരാറുടമ്പടി വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്നുണ്ട്. ഇ.എം.ഡി കണ്ടുകെട്ടി മറ്റ് നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ കരാറിൽ നിന്നും പിൻമാറിയ ശ്രീ ബാബുവിനെതിരെ അപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/30-1-2019) ക്രമ നമ്പർ 2 ലെ പ്രവൃത്തി ഇ –ടെണ്ടർ മുഖേനയാണ് നൽകിയതെന്നും ആയത് ഗവൺമെന്റിലേക്ക് കണ്ടുകെട്ടിയിട്ടുണ്ടെന്നും മറ്റ് പ്രവൃത്തികളെല്ലാം ക്വട്ടേഷൻ മുഖേനയാണ് നടപ്പാക്കിയതെന്നും ആയതിനാൽ ഇ.എം.ഡി സമർപ്പിച്ചിരുന്നില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2013 ൽ ക്വട്ടേഷൻ പ്രവൃത്തികൾക്കും ഇ.എം.ഡി ബാധകമാണെന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ക്വട്ടേഷൻ പ്രവൃത്തികൾക്ക് ഇ.എം.ഡി വാങ്ങാത്തത് മേൽ വ്യവസ്ഥയുടെ ലംഘനമായി കാണുന്നു. വിഷയം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 തുക മുൻകൂറായി പിൻവലിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം

ചുവടെ പറയുന്ന പ്രോജക്ടുകൾക്കായി ടാർ വാങ്ങുന്നതിനായുള്ള തുകകൾ പാർട്ട് ബിൽ പ്രകാരം മാറി നിർവഹണ ഉദ്യോഗസ്ഥയുടെ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. .

| പ്രോജക്ട് നമ്പരും പേരും | കരാറുകാരൻ /കൺവീനറുടെ പേര് | പാർട്ട് ബിൽ തുക /തീയതി | എഗ്രിമെന്റ് തീയതി | പ്രവൃത്തി പൂർത്തീക-രിച്ച തീയതി | ഫൈനൽ ബിൽ തുക നമ്പർ/ തീയതി | തുക തിരിച്ചടവ് |
|---|---|---|---|---|---|---|
| ശ്രീയേറ്റ് എസ് എഫ് എ മൻഷാലയം റോഡ് റീടാറിംഗ് | ഷിജു വി സിറാജ് (കൺവീനർ) | 162577/രൂപ-10-2-2017 | 31-1-17 | 5-2-2018 | 122709/-37/ 17-3-2018 | പാർട്ട് ബില്ലുകൾ പ്രകാരം മാറിയ ആകെ തുകയായ 226117/- നിന്നും 158976/-രൂപക്ക് ടാർ വാങ്ങിയതിനുശേഷം |

| | | | | | | |
|---|---|---|---|---|---|---|
| മേടയിൽ കുരുവിക്കടവ് റോഡ് റീടാറിംഗ് & സൈഡ് കോൺക്രീറ്റിംഗ് (SOO20/18) | പ്രദീപ് കുമാർ (കരാറുകാരൻ) | 63540/- 10-2-2017 | 3-1-17 | 6-11-2017 | 374043/- 15/22-11-2017 | 67141/- രൂപ തിരിച്ചടച്ചു |

മേൽ പ്രവൃത്തികൾ നിർവഹിക്കുന്നതിലേക്കായി ബിറ്റുമിൻ വാങ്ങുന്നതിനായുള്ള 2,26,117/- രൂപ 10-2-2017 ൽ അസി. എഞ്ചിനീയർ പിൻവലിച്ച് സെക്രട്ടറിയുടെ ടി. എസ്. ബി അക്കൗണ്ടിലേക്ക് കൈമാറി. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് യഥാക്രമം 5-2-18 ലും 6-11-17ലും മാത്രമാണ്.

ബിറ്റുമിൻ സപ്ലൈ ഓർഡർ നൽകിയെങ്കിലും ബിറ്റുമിൻ അഭാവം കാരണം 3-8-2017 ലാണ് സൈറ്റിൽ ലഭ്യമായതെന്നും മഴ കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 36/30-1-2019ന്റെ മറുപടി). തുക മുൻകൂറായി പിൻവലിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വന്നതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. മാത്രമല്ല, ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിച്ചത് ജി.ഒ. (പി) 119/2015 തീയതി 21-3-2015 ലെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 കാർഷിക മേഖലയിലെ പ്രശ്ന പരിഹാരത്തിന് അനുയോജ്യമായ പരിപാടികൾ ആവിഷ്കരിക്കുന്നില്ല

സ്റ്റാറ്റസ് റിപ്പോർട്ടിൽ നെൽകൃഷി കുറഞ്ഞുവരുന്നത് അതീവ ഗുരുതര പ്രശ്നമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് പരിഹാരമായി നിർദ്ദേശിച്ചിരിക്കുന്നത് ബോധവൽക്കരണവും നെൽകൃഷി സബ്സിഡിയുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാനവിവരങ്ങളിൽ, കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യാത്ത നെൽവയൽ 2 ഹെക്ടറും കൃഷിയോഗ്യമായ തരിശ് ഭൂമി 8 ഹെക്ടറുമാണുള്ളത്.

കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പ് 17-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന യോഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| യോഗ തീയതി | റിമാർക്സ് |
|---|---|
| 21.02.2017 | യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ പങ്കെടുത്തില്ല. ആകെ 3 പേർ പങ്കെടുത്തു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 22.02.2017 ൽ യോഗം കൂടാൻ തീരുമാനിച്ചു. |
| 22.02.2017 | സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ച ചെയ്യുകയും തയ്യാറാക്കി സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. |
| 15.05.2017 | ചെയർമാൻ ഉൾപ്പെടെ 5 പേർ പങ്കെടുത്തു. കൺവീനർ പങ്കെടുത്തില്ല. നെൽകൃഷി വികസനം, കിഴങ്ങുവിളകൾ, രോഗം വന്ന തെങ്ങ് മുറിച്ച് മാറ്റൽ മുതലായ പ്രോജക്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ പങ്കാളിത്തമില്ലാതെ നടത്തിയ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ക്രിയാത്മകമായ ചർച്ചകളൊന്നും നടക്കുന്നതായി കാണുന്നില്ല. മേഖലയിലെ പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരമേകുന്ന നിർദ്ദേശങ്ങളും ഉയർന്നു വരുന്നില്ല. കൃഷിയോഗ്യമായ തരിശ് ഭൂമിയിലും കൃഷി ചെയ്യാത്ത നെൽവയലിലും കൃഷി ചെയ്യുന്നതിന് അനുയോജ്യമായ പരിപാടികൾ ആവിഷ്കരിക്കാനും കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 3 പാടശേഖരസമിതികളിലെ കർഷകർക്ക് നെൽ വിത്തും കൂലിച്ചെലവ് സബ്സിഡിയും വിതരണം ചെയ്യുന്നതിനായി 17-18 വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്റ്റിൽ

15 ഹെക്ടറിൽ കൃഷി ചെയ്യുതിനാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാനവിവരങ്ങളിൽ നെൽകൃഷി ചെയ്യുന്ന സ്ഥലവിസ്തൃതി 16 ഹെക്ടറാണ്. കാർഷിക മേഖലയിൽ വർക്കിംഗ് ഗ്രൂപ്പിന്റെയും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ക്രിയാത്മകമായ ഇടപെടൽ അനിവാര്യമാണ്.

## 3-9 ഇഞ്ചി മഞ്ഞൾ കൃഷി - പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിയെ സംബന്ധിച്ച് വ്യക്തതയില്ല

പ്രാദേശികമായുള്ള സുഗന്ധ വ്യഞ്ജന വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ട പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - SOO99/18

അടങ്കൽ തുക

വികസന ഫണ്ട് - 1,65,000

ഗുണഭോക്തൃ വിഹിതം - 55,000

(സ്ഥാപനത്തിൽ അടയ്ക്കുന്നത്)

ആകെ - 2,20,000

ചെലവ് വിശദാംശം

| ബിൽ നമ്പർ<br>തുക | ചെലവ് വിവരം |
|---|---|
| 06/22.11.2017<br>1,12,500 രൂപ | ഇഞ്ചി മഞ്ഞൾ കിറ്റുകൾ 150 എണ്ണം VFCKയിൽ നിന്ന് വാങ്ങിയതിന്റെ സബ്സിഡി തുക |
| 11/05.02.2018<br>52,500 രൂപ | 70 കിറ്റുകളുടെ സബ്സിഡി തുക |

പ്രോജക്ട് ലക്ഷ്യത്തിലെത്തിയോയെന്ന് പരിശോധിക്കാനായി സുഗന്ധ വ്യഞ്ജന വിളകളുടെ ഉല്പാദന വർദ്ധനവ് സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടില്ല. വികസന ഫണ്ട് 1,65,000 രൂപ ചെലവഴിച്ച പ്രസ്തുത പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.03.2018ലെ യോഗത്തിൽ കാർഷിക മേഖലയിൽ ആനുകൂല്യങ്ങൾ സ്ഥിരമായി കുറച്ച് വ്യക്തികൾക്ക് മാത്രം നൽകുന്നത് അവസാനിപ്പിക്കണമെന്നും പുതുതായി കടന്നുവരുന്ന കർഷകർക്ക് സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനു ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 33/29.01.2019)ന് മറുപടിയായി പദ്ധതികളെക്കുറിച്ച് ബോധവൽക്കരണവും ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ടെന്നാണ് വിശദീകരിച്ചിട്ടുള്ളത്) .
വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറി പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തണമെന്നുണ്ട്. ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 മത്സ്യ ബന്ധനം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

സ്റ്റാറ്റസ് റിപ്പോർട്ടിൽ മത്സ്യബന്ധന മേഖലയിൽ അതീവ ഗുരുതര വിഷയങ്ങളൊന്നും തന്നെയില്ല. മറ്റ് വിഷയങ്ങൾ പ്രധാനമായും ചുവടെപ്പറയും പ്രകാരമാണ്.

| പ്രശ്നം | പ്രശ്നത്തിന്റെ തീവ്രത | കാരണം /വെല്ലുവിളി | പരിഹരിക്കൽ |
|---|---|---|---|
| ഉല്പാദനോപാധികളുടെ കുറവ് | ഗുരുതരം | സാമ്പത്തിക പിന്നോക്കാവസ്ഥ | കട്ടമരം, വല എന്നിവ വാങ്ങി |

| | | | |
|---|---|---|---|
| | | | നൽകുക |
| മത്സ്യതൊഴിലാളി സ്ത്രീകൾക്ക് മത്സ്യം കേട് കൂടാതെ സൂക്ഷിക്കാൻ സാധിക്കുന്നില്ല | ഗുരുതരം | സാമ്പത്തിക പിന്നോക്കാവസ്ഥ | ഐസ് ബോക്സ് വാങ്ങി നൽകുക |
| മത്സ്യ തൊഴിലാളി കുട്ടികൾക്ക് പഠനോപകരണങ്ങളുടെ കുറവ് | ലഘു | സാമ്പത്തിക പിന്നോക്കാവസ്ഥ | കുട്ടികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുക |
| മത്സ്യ തൊഴിലാളി കുട്ടികൾക്ക് കായിക ക്ഷമത കുറവ് | ലഘു | സാമ്പത്തിക പിന്നോക്കാവസ്ഥ | കുട്ടികൾക്ക് സൈക്കിൾ വിതരണം |

കട്ടമരം, ഐസ് ബോക്സ് എന്നിവ വാങ്ങി നൽകുന്ന പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും മേഖലയിലെ മറ്റ് വിഷയങ്ങളിലേക്ക് കടന്നുചെല്ലാനോ പരിഹരിക്കാനോ കഴിഞ്ഞില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ 06.03.2017ലെ പ്രോജക്ട് നിർദ്ദേശമായ കടൽ സുരക്ഷാ ഉപകരണങ്ങൾ പ്രാവർത്തികമാക്കിയില്ല. ഫിഷറീസ് വകുപ്പ് വഴി കടൽ സുരക്ഷാ ഉപകരണങ്ങൾ സൗജന്യമായി നൽകുന്നുണ്ട് എന്നാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 20/25.01.2019ന്റെ മറുപടി).

മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പ് 17-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 06.03.2017 ൽ മാത്രമാണ് യോഗം ചേർന്നത്. ഇതുൾപ്പെടെ 17-18 വർഷത്തെ യോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യോഗ തീയതി | വിവരണം |
|---|---|---|
| i | 06.03.2017 | സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു.<br>പ്രോജക്ട് ശുപാർശകൾ (ഫർണിച്ചർ, ലാപ് ടോപ്പ്, കട്ടമരം, ഐസ് ബോക്സ്, ഗിൽനെറ്റ്, കടൽ സുരക്ഷാ ഉപകരണങ്ങൾ മുതലായവ) |
| ii | 09.02.2018 | 18-19 വാർഷിക പദ്ധതി - പ്രോജക്ട് ചർച്ച |
| iii | 03.03.2018 | ഹാജരായ 6 പേരുടെ പേരും ഒപ്പും മാത്രം |
| iv | 06.03.2018 | വികസന സെമിനാറിനോടനുബന്ധിച്ച നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം - മണ്ണെണ്ണ സബ്സിഡി, കുട്ടികൾക്ക് പഠനോപകരണങ്ങൾ മുതലായ നിർദ്ദേശങ്ങൾ |

മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ക്രിയാത്മക ചർച്ച നടന്നതായി കാണുന്നില്ല.

ജി.ഒ.(എം.എസ്) 72/തസ്വഭവ തീയതി 29.03.2017 ഖണ്ഡിക 14.6 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറി പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തണമെന്നുണ്ട്. എന്നാൽ മത്സ്യബന്ധന മേഖലയിലെ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടന്നിട്ടില്ല.

തൻ വർഷം നടപ്പാക്കിയ മൂന്ന് പ്രോജക്ടുകൾക്കുമായുള്ള സാധനങ്ങളുടെ വാങ്ങലിൽ പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയോ വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ മൂല്യ നിർണയം നടത്തുകയോ ചെയ്തിട്ടില്ല.

മേൽ വിഷയങ്ങളിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 ഗ്രാമസഭയിൽ തെരഞ്ഞെടുക്കാത്തവർക്ക് ആനുകൂല്യം

കൃഷി ഓഫീസർ 17-18 വർഷം നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കുള്ള ആനുകൂല്യ വിതരണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കൈമാറിയ ലിസ്റ്റിലുള്ള ഗുണഭോക്താക്കളെ ഗ്രാമസഭയിൽ തെരഞ്ഞെടുത്തതായി കാണുന്നില്ല.

ഭരണസമിതിയുടെ 16.01.2018ലെ I(2)-ാം നമ്പർ തീരുമാനപ്രകാരം രോഗബാധിത തെങ്ങ് മുറിച്ച് മാറ്റി പുതിയവ നടൽ എന്ന പദ്ധതിക്ക് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പദ്ധതി പൂർത്തീകരണത്തിനാവശ്യമായ ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യം കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും വാർഡ് മെമ്പർമാർ കണ്ടെത്തിയ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുകയും ആയത് അടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരണം വാങ്ങുന്നതിനും തീരുമാനിച്ചു.

12.02.2018ലെ II(5)-ാം നമ്പർ തീരുമാനപ്രകാരം വാഴകൃഷി വികസനം എന്ന പ്രോജക്ടിനുവേണ്ടിയും ഇപ്രകാരം ചെയ്തിട്ടുണ്ട്.

വിവിധ പദ്ധതികളുടെ ഗുണഭോക്താവിനെ കണ്ടെത്തുന്നതിലും തെരഞ്ഞെടുക്കുന്നതിലും പൂർണമായ ജനപങ്കാളിത്തം ആവശ്യമായതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ബഹു.കേരള ഹൈക്കോടതിയുടെ 4-4-1997 ലെ O.P No 18175/1996 നമ്പർ വിധിയിൽ സുതാര്യമായ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരസ്ഥാനങ്ങൾ ഗ്രാമസഭയാണെന്നും വിധിച്ചിട്ടുണ്ട്. ഏതൊരു ഗുണഭോക്താവിന്റെ തെരഞ്ഞെടുക്കലും സുതാര്യമായ നടപടിക്രമം അനുസരിച്ചായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമസഭയുടെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 42/30.01.2019 ന് മറുപടി ലഭ്യമാക്കിയില്ല). ഉചിതമായ നടപടികൾ സ്വീകരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയെയും ഭരണസമിതിയെയും ചുമതലപ്പെടുത്തുന്നു.

## 3-12 വാർഷിക പരിധി അധികരിച്ച് പാലിന് സബ്സിഡി നൽകി

ക്ഷീര സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് ലിറ്ററിന് 4 രൂപ നിരക്കിൽ (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, വകുപ്പ് വിഹിതങ്ങൾ 1രൂപ വീതം) സബ്സിഡി നൽകുന്നതിന് വിഭാവനം ചെയ്ത പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

പ്രോജക്ട് നമ്പർ - SO142/18

അടങ്കൽ തുക

വികസന ഫണ്ട് - 104000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 100000

ജില്ലാ പഞ്ചായത്ത് വിഹിതം - 22620

ആകെ - 226620

ചെലവ് വിശദാംശം

| ക്രമ നമ്പർ | ഫണ്ട് | ബിൽ നമ്പർ / ചെക്ക് നമ്പർ | തുക |
|---|---|---|---|
| i | വികസന ഫണ്ട് | 01/27.11.2017 | 82426 |
| ii | വികസന ഫണ്ട് | 02/27.02.2018 | 21574 |

| | | | |
|---|---|---|---|
| iii | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 8731169 | 100000 |
| iv | ജില്ലാ പഞ്ചായത്ത് വിഹിതം | 8731175 | 22620 |
| ആകെ | | | 226620 |

വെൺകുളം ക്ഷീര സംഘത്തിൽ പാലൊഴിക്കുന്ന കർഷകർക്കാണ് സബ്സിഡി ആനുകൂല്യം നൽകിയിരിക്കുന്നത്. ജി.ഒ.(എം.എസ്) 80/2017 തസ്വഭവ 03.04.2017 പ്രകാരം സബ്സിഡി തുക കർഷകന്റെ അക്കൗണ്ടിലേക്ക് നൽകണമെന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ക്ഷീര സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തത്.

സബ്സിഡി മാർഗരേഖ പ്രകാരം ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 30,000 രൂപയാണ്. എന്നാൽ ബാബു എന്ന ഗുണഭോക്താവിന് ( ക്രമ നമ്പർ 23, അക്കൗണ്ട് നമ്പർ 10630100127721) ചുവടെപ്പറയും പ്രകാരം അധികമായി 3967 രൂപ നൽകിയിട്ടുണ്ട്.

| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബിൽ നമ്പർ 01/27.11.2017പ്രകാരം | ബിൽ നമ്പർ 02/27.02.2018 പ്രകാരം | ആകെ | അധികം |
|---|---|---|---|---|---|
| 14843 | 3575 | 11905 | 3644 | 33967 | 3967 |

വാർഷിക സബ്സിഡി പരിധിയിൽ അധികരിച്ച് നൽകിയ 3967/- രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-13 എ.ബി.സി പ്രോഗ്രാം - രേഖകളില്ല

തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി 17-18 വർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കി.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് വിശദാംശം | |
|---|---|---|---|---|
| | | | ബിൽ നമ്പർ | തുക |
| i | SOO11/18 | എ.ബി.സി പദ്ധതിക്കായി വിഹിതം അടയ്ക്കൽ | 1/21.08.2017 | 50,000 |
| ii | SOO51/18 | എ.ബി.സി പദ്ധതി | 9/12.12.2017 | 48,846 |
| | | | 11/29.12.2017 | 24,725 |
| | | | 15/29.01.2018 | 26,429 |

സ്പിൽ ഓവറായി നടപ്പാക്കിയ ആദ്യ പ്രോജക്ടിനും രണ്ടാമത്തെ പ്രോജക്ടിനും കൂടി വികസന ഫണ്ടിൽ നിന്നും 1,50,000/-രൂപ ചെലവഴിച്ചു. എന്നാൽ, ABC നടപ്പാക്കിയ നായ്ക്കളുടെ എണ്ണം വ്യക്തമല്ല. 30.07.2017ലെ 12 നായ്ക്കളുടെ സർജറി റെക്കോഡുകൾ മാത്രമാണുള്ളത്. പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകളില്ല.

സർജറി റെക്കോഡുകൾ എ.ബി.സി പ്രോഗ്രാം നടത്തിയ ആറ്റിങ്ങൽ മൃഗാശുപത്രിയിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നമ്പർ 46/31.01.2019ന്റെ മറുപടി). രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 വാട്ടർ ടാങ്ക് വാങ്ങി നൽകൽ– ചെലവ് രേഖകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല- 9125 രൂപയുടെ വ്യത്യാസം

പ്രോജക്റ്റ് നമ്പർ - 93/17-18

പ്രോജക്റ്റിന്റെ പേര് - വാട്ടർ ടാങ്ക് വാങ്ങി നൽകൽ

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 151625 (99750 വി.ഫണ്ട് -ജനറൽ, 51875 രൂപ ഗുണ.വിഹിതം)

ചെലവ് - 151475

ബിൽ നമ്പർ - 3156/18 തീയതി 09-01-18 60000

ഗുണഭോക്തൃ വിഹിതം - 31250

7716 തീയതി 26-03-2018 33600

ഗുണഭോക്തൃ വിഹിതം 17500

142350

ഇടവ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 1825 രൂപ വിലയുള്ള 83 വാട്ടർ ടാങ്കുകൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്റ്റാണിത്. 1200 വികസനഫണ്ടും ഗുണഭോക്തൃ വിഹിതം 625 രൂപയും കൂടി ഉൾപ്പെടെ 1825 രൂപയാണ് യൂണിറ്റ് കോസ്റ്റ് കണക്കാക്കിയിരുന്നത്. M/s സെൽസർ വാട്ടർ ടാങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും 1825 രൂപയുള്ള 82 വാട്ടർ ടാങ്കുകൾ വാങ്ങി. ഇതിൽ 1200 രൂപ പദ്ധതി വിഹിതവും 625 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്റ്റിന് 99750 രൂപ പദ്ധതിവിഹിതം വകയിരുത്തിയിട്ടുണ്ടായിരുന്നു. ഈ തുകയിൽ 6000 രൂപ ഗാർഹിക പൈപ്പ് കണക്ഷൻ (113/18) എന്ന പ്രോജക്റ്റിലേക്ക് ക്ലറിക്കൽ മിസ്റ്റേക്ക് മൂലം മാറ്റി ചെലവഴിച്ചു. അതിനാൽ വാട്ടർ ടാങ്ക് പദ്ധതിക്കുവേണ്ടി മാറ്റി വച്ച വികസന ഫണ്ട് 99750 രൂപയിൽ 6000 രൂപയുടെ കുറവുണ്ടായി. സുലേഖ സ്റ്റേറ്റ്മെന്റിൽ മേൽ കുറവ് ചെയ്ത 6000/- രൂപ കൂടി ഉൾപ്പെടുത്തിയാണ് വാട്ടർടാങ്ക് പദ്ധതിയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബിൽ ബുക്കിൽ 6000/- രൂപ കുറച്ചാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി ചെലവഴിച്ചിരിക്കുന്നത്.

കൂടാതെ ഗുണഭോക്താക്കൾ അധികമുള്ളതിനാൽ ഗുണഭോക്താക്കൾ അടച്ച 3125 രൂപ ടാങ്ക് വിതരണക്കാർക്ക് നൽകിയിരുന്നു. ഇക്കാരണത്താലാണ് 9125/- രൂപയുടെ വ്യത്യാസം സംഭവിച്ചത് (6000+3125=9125)

പദ്ധതി പ്രകാരം വാട്ടർ ടാങ്ക് 82 എണ്ണം ഓർഡർ ചെയ്ത് വരുത്തിയതിനാൽ (82 X 1200= 98400) രൂപ ചെലവ് ചെയ്തു. ഇതിൽ 93600 രൂപ മാത്രമാണ് പദ്ധതി വിഹിതമായി ടി പ്രോജക്റ്റിനുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. (ബാലൻസ് തുക 4800 രൂപ 2018-19 വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വന്നു).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/24-01-2019) നടപടി ക്രമങ്ങളിലുണ്ടായ ശ്രദ്ധക്കുറവ് മാപ്പാക്കണമെന്ന് മറുപടി നൽകി. വരും വർഷങ്ങളിൽ പ്രോജക്റ്റ് നിർവ്വഹണത്തിൽ ശ്രദ്ധ ചെലുത്താൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ തമ്മിൽ സംയോജിപ്പിക്കുന്നില്ല

2017-18 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് കൃഷി,മഴവെള്ള സംഭരണം, മത്സ്യകൃഷി മേഖലകളിൽ നടപ്പിലാക്കിയ കുളം നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ നമ്പർ,പേര് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഫാം പോണ്ട് (കുളം നിർമ്മാണം) വാർഡ് 1 | 64013 | 57856 |
| 2 | ഫാം പോണ്ട് നിർമ്മാണം (വാർഡ് 4) | 58678 | 26208 |
| 3 | ഫാം പോണ്ട് നിർമ്മാണം (വാർഡ് 5) | 76373 | 22400 |
| 4 | ഫാം പോണ്ട് നിർമ്മാണം (വാർഡ് 7) | 63857 | 32718 |
| 5 | കുളം നിർമ്മാണം (ഫാം പോണ്ട്) (വാർഡ് 2) | 50821 | 48129 |
| 6 | കുളം നിർമ്മാണം (ഫാം പോണ്ട്) (വാർഡ് 17) | 73599 | 36294 |
| 7 | കുളം നിർമ്മാണം (ഫാം പോണ്ട്) വാർഡ് 17 | 61009 | 34028 |
| 8 | ഫാം പോണ്ട് (വാർഡ് 1) | 49805 | 46376 |
| 9 | ഫാം പോണ്ട് (ശ്രീ.ശിവപ്രസാദ്) | 60000 | 56808 |
| 10 | കുളം നിർമ്മാണം ഫാം പോണ്ട് (വാർഡ് 8) | 51441 | 47866 |
| 11 | കുളം നിർമ്മാണം ഫാം പോണ്ട് (വാർഡ് 14) | 58678 | 43658 |
| 12 | ഫാം പോണ്ട് (ശ്രീമതി.സുബൈദ) | 58278 | 50233 |
| 13 | ഫാം പോണ്ട് (ശ്രീ.ജയദേവൻ നായർ) | 62005 | 34104 |
| 14 | ഫാം പോണ്ട് (ശ്രീ.ഫസിലുദ്ദീൻ) | 49921 | 47340 |
| 15 | ഫാം പോണ്ട് (ശ്രീമതി.അംബികാദേവി) | 33873 | 31034 |

മേൽ പരാമർശിച്ചിട്ടുള്ള കാർഷിക മേഖലയിൽ നടത്തിയ കുളം നിർമ്മാണ പ്രവൃത്തികളിൽ കൃഷി ഓഫീസിന്റെ സഹായം ഉണ്ടായിട്ടുണ്ടെന്നും മത്സ്യകൃഷി മേഖലയിൽ നിർമ്മിച്ചവയ്ക്ക് ഫിഷറീസ് ഇൻസ്പെക്ടറുടെയും കാര്യാലയത്തിന്റെയും പങ്കാളിത്തവും മാർഗ്ഗനിർദ്ദേശവും ഉറപ്പ് വരുത്തിയിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറി (നമ്പർ 40/31-01-2019)ക്ക് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. വരും വർഷങ്ങളിൽ സമാനമായ പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ മേൽ അപാകത സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി | |
|---|---|---|---|---|---|
| 1 | 01/18 ഭവന പുനരുദ്ധാരണം (വിധവ) | 400000 | 400000 | 01/26-07-2017 | 362500 |
| | | | | 02/20-10-2017 | 12500 |
| | | | | 07/17-01-2018 | 25000 |
| 2 | 108/2018 വീട് വാസയോഗ്യമാക്കൽ (ജനറൽ) | 600000 | 600000 | 03/01-11-2017 | 300000 |
| | | | | 06/19-01-2018 | 50000 |
| | | | | 11/30-01-2018 | 50000 |
| | | | | 12/30-01-2018 | 50000 |
| | | | | 19/15-03-2018 | 50000 |
| | | | | 21/26-03-2018 | 50000 |
| | | | | 25/28-03-2018 | 50000 |
| 3 | 109/18 വീട് വാസയോഗ്യമാക്കൽ (എസ്.സി) | 2000000 | 1650000 | 04/01-11-2017 | 525000 |
| | | | | 05/07-11-2017 | 150000 |
| | | | | 08/10-01-2018 | 75000 |
| | | | | 13/30-01-2018 | 75000 |
| | | | | 15/14-03-2018 | 150000 |
| | | | | 18/15-03-2018 | 275000 |

| | | |
|---|---|---|
| | 22/26-03-2018 | 400000 |

പ്രോജക്റ്റ് നമ്പർ 1 പ്രകാരം 40 ഗുണഭോക്താക്കൾക്ക് 25000 രൂപ നിരക്കിൽ ഭരണപുനരുദ്ധാരണത്തിന് സബ്സിഡി നൽകുന്നതിന് വേണ്ടി 2016-17 ൽ രൂപീകരിച്ച പദ്ധതിയിൽ 60000/- രൂപ തൻവർഷം ചെലവായി. ബാക്കി തുക 400000/- രൂപ വകയിരുത്തി 2017-18 വർഷം സ്പിൽ ഓവർ ആയി പദ്ധതി നടപ്പിലാക്കി.

പ്രോജക്റ്റ് നമ്പർ 108 ൽ 6 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ വീതം സബ്സിഡി നൽകുവാനാണ് പ്രോജക്റ്റ് രൂപീകരിച്ചത്. പ്രോജക്റ്റ് നമ്പർ 109 ൽ 150000/- രൂപ വീതം 13 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് പദ്ധതി രൂപീകരിച്ചത്. ഇതിൽ 9 പേർക്ക് 150000 രൂപ വീതം 13,50,000/- രൂപയും 4 പേർക്ക് 75000/- രൂപ വീതം 300000/- രൂപയും ഉൾപ്പെടെ 1650000/- രൂപ ചെലവഴിച്ചു.

മേൽ പദ്ധതികളിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

എ) ഗുണഭോക്താവ് വീട് പുനരുദ്ധാരണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

ബി) എല്ലാ ഗുണഭോക്താക്കളുടെ അപേക്ഷയും എൽ.എസ്.ജി.ഡി ഓവർസീയർ വാല്യുവേഷൻ നടത്തിയിട്ടില്ല.

സി)പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

പ്രോജക്റ്റ് നമ്പർ 1 ൽ ഗുണഭോക്താവ് വിധവ ആണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/30-01-2019) നൽകിയ മറുപടിയിൽ ജോലിഭാരം നിമിത്തമുള്ള സമയക്കുറവ് മൂലമാണ് അനുബന്ധ രേഖകൾ യഥാവിധി ഫയലിൽ സൂക്ഷിക്കാൻ വിട്ടുപോയതെന്നും ആയത് അടിയന്തിരമായി ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. രേഖകൾ യഥാസമയം ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-17 കിണർ റീചാർജ്ജ്- സബ്സിഡി തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി നടത്തിയിട്ടില്ല

പ്രോജക്റ്റ് നമ്പർ - SO110/18

പ്രോജക്റ്റിന്റെ പേര് - കിണർ റീചാർജ്ജ്

നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

(സർക്കിൾ – ബി)

അടങ്കൽ തുക - 816000 (വികസന ഫണ്ട്)

ചെലവ് തുക - 312000

ബിൽ നമ്പർ, തീയതി - 23/31-03-2018 162000

27/31-03-2018 150000

136 കുടുംബങ്ങൾക്ക് കിണർ റീചാർജ്ജിംഗിന് 6000/- രൂപ സബ്സിഡി നൽകുകയാണ് പദ്ധതി ലക്ഷ്യം. 52 ഗുണഭോക്താക്കൾക്ക് 6000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതി ഫയലിൽ ചുവടെ ചേർക്കുന്ന രേഖൾ സൂക്ഷിച്ചിട്ടില്ല.

എ) ഗുണഭോക്തൃ ലിസ്റ്റ്

ബി)പദ്ധതിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്

സി) പൂർത്തീകരണ സാക്ഷ്യപത്രം

ഡി) മോണിട്ടറിംഗ് റിപ്പോർട്ട്

ഇ) തുക 52 ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ കിണർ റീചാർജ്ജിംഗ് നടത്തിയതിന്റെ യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/29-01-2019) നൽകിയ മറുപടിയിൽ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി ആരും

തന്നെ മുൻപോട്ട് വരാത്ത സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം നടപ്പിലാക്കേണ്ട നിർബന്ധിത പ്രോജക്റ്റ് ആയതുകൊണ്ട് മാത്രം നടപ്പിലാക്കേണ്ടി വന്നു എന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉടൻതന്നെ ഹാജരാക്കാമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 52 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ 31 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ അനുബന്ധ രേഖകൾ ഹാജരാക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. 21 പേർ നാളിതുവരെ കിണർ റീചാർജ്ജിംഗ് പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇക്കാരണത്താൽ 21 പേർക്ക് നൽകിയ തുക 21X6000=126000/- രൂപ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. 21 പേർക്ക് നല്കിയ 126000/- രൂപ നിരാകരിക്കുന്നു. അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാൽ 31 പേർക്ക് നൽകിയ 186000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ഭൂമി വാങ്ങിയ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടിയുണ്ടാകണം

ഗ്രാമപഞ്ചായത്തിലെ 25 അംഗനവാടികളുള്ളതിൽ 11 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. ഇതിൽ മൂടില്ലാവിള അംഗനവാടിയുടെ (നമ്പർ 51) കെട്ടിടം പ്രളയത്തിൽ തകർന്നതിനാൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കുടിവെള്ള സൗകര്യമില്ലാത്ത രണ്ട് അംഗനവാടികളുണ്ട് - കാപ്പിൽ വെസ്റ്റ് (43), പാറയിൽ (48).(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 04/23.012019ന്റെ മറുപടി).

ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ വിവരമനുസരിച്ച് അനുപൂരക പോഷകാഹാര പരിപാടിയ്ക്കായുള്ള കേന്ദ്ര വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2015-16 | 556551 | 595819 | 1152370 | 269542 | 882828 |
| 2016-17 | 882828 | 491658 | 1374486 | 817005 | 557481 |
| 2017-18 | 557481 | 693706 | 1251187 | 306215 | 944972 |

(വാർഷിക ധനകാര്യ പത്രിക B4 ഷെഡ്യൂൾ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയ്ക്കായുള്ള കേന്ദ്ര വിഹിതത്തിന്റെ നീക്കിയിരിപ്പ് 5,08,300/-രൂപയാണ്. 2015ൽ കണക്കുകൾ എന്റർ ചെയ്തപ്പോൾ പിശക് പറ്റിയതാണെന്ന് വിശദീകരിച്ചിട്ടുണ്ട്)

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം - വർക്കിംഗ് ഗ്രൂപ്പ്, എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണമെന്ന നിർദ്ദേശം 21.02.2017ൽ മുന്നോട്ടു വച്ചിട്ടുണ്ട്.

സ. ഉ. നം/39033/ഡി സി 2/തസ്വഭ തീയതി 3-9-2010 ലെ ഉത്തരവ് പ്രകാരം ചെലവഴിക്കാത്ത കേന്ദ്ര വിഹിതം അംഗനവാടികൾക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിനും അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിഹിതം ഉപയോഗിച്ച് 65-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം പണിയുകയും 47-ാം നമ്പർ അംഗൻവാടിക്ക് ഭൂമി വാങ്ങുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 25/28.01.2019ന്റെ മറുപടി).

എന്നാൽ അംഗനവാടികൾക്കായി 3 സെന്റ് വീതം സ്ഥലം വാങ്ങിയിട്ടും നാളിതുവരെ കെട്ടിടം നിർമ്മിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗനവാടിയുടെ പേര് | നമ്പർ | വാർഡ് നമ്പർ |
|---|---|---|
| പള്ളിമുക്ക് | 46 | 17 |
| കളരിയിൽ | 47 | 16 |
| പാറയിൽ | 48 | 4 |
| ഡീസന്റ് മുക്ക് | 60 | 6 |

| | | |
|---|---|---|
| കാപ്പിൽ എൽ.പി.എസ് | 50 | 2 |

സ്ഥലം വാങ്ങിയ വർഷം ലഭ്യമാക്കിയില്ല. 14-15 വർഷം കളരിയിൽ - 47, പാറയിൽ - 48 എന്നീ അംഗനവാടികൾക്ക് സ്ഥലം വാങ്ങിയതായി ഐ.സി.ഡി.എസ്.സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

സ്ഥലം ലഭ്യമായ അംഗൻവാടികൾക്ക് കേന്ദ്രവിഹിതമിനത്തിൽ ബാക്കി നിൽക്കുന്ന തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ - കൈമാറിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - SOO 50/18

പ്രോജക്ടിന്റെ പേര് - ഇടവ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങല്

അടങ്കൽ - 4,00,000/-

ചെലവ് - 4,00,000/-

ബിൽ നമ്പർ, തീയതി - 03/03.10.17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,PHC

പദ്ധതിക്കായി KMSCL ന് 400000/- രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ 380898/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 19102/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 29/28.1.19) മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 പത്താം തരം തുല്യത - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ടിന്റെ പേര് : പത്താം തരം തുല്യത

അടങ്കൽ തുക : 25500/-

ചെലവ് തുക : 24900/-

ബിൽ നമ്പർ/തീയതി : 15/12.3.18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പത്താം തരം തുല്യത പരീക്ഷയ്ക്കായി 24900/- രൂപ ജില്ല സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. 12 പേരുടെ കോഴ്സ് ഫീ (12x1750) 21000/- രൂപയും 2 പേരുടെ കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ ഉൾപ്പെടെ 3700/- രൂപയും 2പേരുടെ രജിസ്ട്രേഷൻ ഫീ 200/- രൂപയും ചേർത്തുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. പത്താം തരം തുല്യത പരീക്ഷയ്ക്ക് അപേക്ഷിച്ച പഠിതാക്കളുടെ വിവരം, പരീക്ഷ നടത്തിയ വിവരങ്ങൾ, പരീക്ഷയ്ക്ക് ഹാജരായവരുടെ വിവരം, പുസ്തകം വിതരണം ചെയ്ത വിവരങ്ങൾ തുടങ്ങി പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/24-01-2019) നൽകിയ മറുപടിയിൽ രേഖകൾ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 24900/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 79500 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 79500 | 0 |
| | | 63750 | സമഗ്ര നെൽകൃഷി വികസനം | 63750 | 0 |
| | | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | | 100000 | പാലിയേറ്റീവ് കെയർ | 100000 | |
| | | 150000 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 150000 | 0 |
| | | 100000 | PHCഇലക്ട്രിഫിക്കേഷൻ | 100000 | |
| | | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 50000 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 49997 | 3 |
| ജില്ല പഞ്ചായത്ത് | 2017-18 | 79500 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 79500 | 0 |
| | | 20400 | ജൈവസമൃദ്ധി | 20400 | 0 |
| | | 22620 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 22620 | 0 |
| | | 1600000 | ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 420000 | 1180000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| i | KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1599955 | 0 | 1599955 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | ബാക്കി തുക |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 320/2010 തസ്വഭവ തീയതി 29.01.2010 | 7229000 | 1370086 | 684894 | - | 685192 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58474566 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57365850 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 129967 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2003350 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-12 | | 3967 | ശ്രീമതി. ജയശ്രീ.ഐ.<br>ഡയറിഫാം ഇൻസ്ട്രക്ടർ |
| 3-18 | | 126000 | ശ്രീ. ദിനു<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>(സർക്കിൾ- ബി) |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 42495 | ശ്രീ. ഷാജി.എൻ.<br>സെക്രട്ടറി |
| 3-13 | 150000 | ശ്രീമതി ബിനിരാജ്<br>വെറ്റിനറി സർജൻ |
| 3-17 | 186000 | ശ്രീ. ദിനു<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>(സർക്കിൾ- ബി) |
| 3-20 | 24900 | ശ്രീ. കൃഷ്ണ കുമാർ<br>ഹെഡ്മാസ്റ്റർ |
| ആകെ | 2003350/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജയശ്രീ.ഐ.<br>ഡയറിഫാം ഇൻസ്പെക്ടർ | കഴക്കൂട്ടം DFI | ശ്രീരാഗം<br>സ്വാമിയാർ മഠം,<br>ആളിയിൽ,<br>ചെമ്പഴന്തി.പി.ഒ. |
| ശ്രീ. ദിനു<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>(സർക്കിൾ- ബി) | വി.ഇ.ഒ.<br>മണമ്പൂർ<br>ഗ്രാമപഞ്ചായത്ത് | രോഹിണി,<br>നെട്ടയം,<br>മണികണ്ഠേശ്വരം.പി.ഒ.<br>പിൻ 695013 |
| ശ്രീ.ഷാജി.എൻ<br>സെക്രട്ടറി | സെക്രട്ടറി<br>ഇടവ<br>ഗ്രാമപഞ്ചായത്ത് | അഷ്ടമി<br>ചെമ്മരത്ത് മുക്ക്<br>നഗരൂർ.പി.ഒ |
| ശ്രീമതി.ബിനിരാജ് | വെറ്റിനറി സർജൻ | ശിവം,<br>ഒല്ലാൽ,<br>പരവൂർ.പി.ഒ |
| ശ്രീ.കൃഷ്ണകുമാർ | എച്ച്.എം<br>ഗവ.എൽ.പി.എസ് | ഓംകാരം,<br>പാറയിൽ,ഇടവ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 1 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 2 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 5 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 3 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | 3 |
| | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/2018 തീയതി.31.08.18 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി7/2549/14, തീയതി.23.12.14 | 11 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/ 1097/15തീയതി 19.10.15 | 11 |
| 2014-15 | കെ.എസ്.എ. റ്റി.വി. എം.ജി.പി.7/ 1379/2016 | 11 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/ 1917/2016,തീയതി 07.11.16 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/ 1685/2017,തീയതി 08.08.17 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ഇടവ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

B.T